10749
11/5/17

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1195/**2017**/പജപവവിവ തിരുവനന്തപുരം, തീയതി 9/5/17

---

പരാമർശം:- 1) സ.ഉ.(സാധാ) നം.38/2017/പജപവവിവ, തീയതി 10/01/2017.
2) പത്തനംതിട്ട കോന്നി നീലിപിലാവ് കോയിക്കലേത്ത് വീട്ടിൽ ശ്രീമതി.ശരണ്യ വിജീഷ് സമർപ്പിച്ച തീയതി വയ്ക്കാത്ത അപേക്ഷ.

**<u>ഉത്തരവ്</u>**

പത്തനംതിട്ട കോന്നി നീലിപിലാവ് കോയിക്കലേത്ത് വീട്ടിൽ ശ്രീമതി.ശരണ്യ വിജീഷിന്റെ ഭർത്താവ് ശ്രീ.വിജേഷ്.കെ.വിയുടെ കരൾരോഗ ചികിത്സയ്ക്കായി ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000/-രൂപ ടിയാൻ ചികിത്സതേടുന്ന ആശുപത്രിക്ക് അനുവദിച്ച് പരാമർശം ഒന്നുപ്രകാരം ഉത്തരവായിരുന്നു.

2) ശ്രീമതി.ശരണ്യ വിജീഷ് പരാമർശം (2)പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തന്റെ ഭർത്താവിന് കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിർദ്ദേശിച്ചിരിക്കുകയാണെന്നും 18,00,000/-ലക്ഷം രൂപ വരെ ശസ്ത്രക്രിയയ്ക്ക് ആവശ്യമാണെന്നും അത്രയും തുക കണ്ടെത്താൻ സാമ്പത്തികശേഷിയില്ലാത്തതിനാൽ രോഗം മൂർഛിച്ചിട്ടും ശസ്ത്രക്രിയനടത്താൻ കഴിയുന്നില്ലെന്നും ആയതിനാൽ അധികധനസഹായം അനുവദിയ്ക്കണമെന്നും അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ശ്രീ.വിജീഷിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്തും ജീവൻരക്ഷോപാധിയെന്ന നിലയിലും മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായിക്കരുതി 2,00,000/-രൂപ കുടി (രണ്ട് ലക്ഷം രൂപ മാത്രം) ശ്രീമതി.ശരണ്യ വിജീഷിന് അനുവദിച്ച് ഉത്തരവാകുന്നു.

4) മേൽ ചികിത്സാധനസഹായത്തിനുവേണ്ട ചെലവ് "2225-01-800-57 (Critical Gap Filling)" എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്. മേൽ തുക അപേക്ഷകയ്ക്ക് നൽകാൻ പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ബി.തങ്കമണി
അണ്ടർ സെക്രട്ടറി

ശ്രീമതി.ശരണ്യ വിജീഷ്, കോയിക്കലേത്ത്, നീലിപ്പിലാവ്, ചിറ്റാർ, പത്തനംതിട്ട, കോന്നി.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
(അപേക്ഷയും ഉള്ളടക്കങ്ങളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ)
കേരള, തിരുവനന്തപുരം.
ജില്ലാ പട്ടികജാതി വികസന ആഫീസർ, പത്തനംതിട്ട(Regd with A/D)
ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ